# KERALA POLICE INFORMATION CENTRE

No. 20/PR/PIC/PHQ/09 Dated 15-12-09

## അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ ജോലി ചെയ്യുന്നതൊഴിലാളികളെ ക്കുറിച്ച് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ

സ്വദേശത്തു നിന്നും ആവശ്യത്തിന് തൊഴിലാളികളെ കിട്ടാത്തതിനാൽ മറ്റ് പല സംസ്ഥാനങ്ങളിൽ നിന്നുമുള്ള തൊഴിലാളികളാണ് കേരളത്തിൽ നിർമ്മാണ മേഖലകളിലും തൊഴിൽ സ്ഥാപനങ്ങളിലും ജോലി നോക്കുന്നത്. ഇത്തരത്തിലുള്ള തൊഴിലാളികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായി കണ്ടുവരുന്നു .ആയതിനാൽ ഇവരെ സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- തൊഴിലാളികളുടെ മേൽവിലാസം, സംസ്ഥാനം, ഫോൺ നമ്പരുണ്ടെങ്കിൽ ആയത് മുതലായവ തൊഴിൽദാതാവ് അറിഞ്ഞിരിക്കേണ്ടതാണ്. ഇവരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് പരിശോധിക്കേണ്ടതാണ്.
- അയൽ സംസ്ഥാനക്കാർ ജോലി ചെയ്യുന്ന സ്ഥലത്തെ മേൽനോട്ടക്കാരും അയൽവാസികളും ഇവരുടെ പ്രവൃത്തികൾ നിരീക്ഷിക്കേണ്ടതാണ്.
- പരിചയമില്ലാത്ത അയൽസംസ്ഥാനക്കാർ ഏതെങ്കിലും വീടിന്റെ പരിസരത്ത് സംശയകരമായ രീതിയിൽ കാണപ്പെട്ടാൽ ആ വിവരം ഉടൻ തന്നെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണ്.
- കച്ചവടം സംബന്ധിച്ചോ മറ്റ് ഏതെങ്കിലും ആവശ്യം ഉന്നയിച്ചുകൊണ്ടോ വീടുകളിൽ എത്തുന്ന അന്യസംസ്ഥാനക്കാരെ ഒരു കാരണവശാലും വീട്ടിനുള്ളിൽ പ്രവേശിപ്പിക്കരുത്.
- അന്യസംസ്ഥാനതൊഴിലാളികൾ നിരന്തരം നാട്ടിൽപോവുകയോ, ജോലിക്ക് ഹാജരാകാതിരിക്കുകയോ കറങ്ങി നടക്കുകയോ ചെയ്യുകയാണെങ്കിൽ അവരെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- തൊഴിലുടമകൾ, കരാറുകാർ എന്നിവർ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതും ഇവരുടെ മേൽവിലാസം, ഫോട്ടോ, ഫിംഗർപ്രിന്റ് എന്നിവ പോലീസ് സ്റ്റേഷനിൽ നൽകേണ്ടതുമാണ്
- അന്യസംസ്ഥാന തൊഴിലാളികൾ ഇപ്പോൾ ജോലിചെയ്യുന്ന സ്ഥലത്തുനിന്നും മറ്റു തൊഴിൽ തേടിപോകുമ്പോൾ പുതിയ സ്ഥലത്തെ തൊഴിൽദാതാക്കൾ ആ വിവരം പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണ്.
- തൊഴിലാളികൾ താമസത്തിന് വീട് വാടകയ്ക്ക് എടുക്കുമ്പോൾ ആ വിവരം വീട്ടുടമ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണ്. താമസക്കാരെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അന്വേഷിച്ചതിന്ശേഷം മാത്രമേ വീട് വാടകയ്ക്ക് കൊടുക്കുവാൻ പാടുള്ളു.
- ഹോട്ടൽ, ലോഡ്ജ് എന്നിവിടങ്ങളിൽ ഇത്തരക്കാർ കൂടുതൽ ദിവസം താമസിക്കുകയാണെങ്കിൽ ആ വിവരം ഉടമസ്ഥർ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണ്.
- ഇത്തരക്കാരെ വീടിനുള്ളിൽ പ്രവേശിപ്പിക്കുവാനോ വീട്ടിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുവാനോ പാടുള്ളതല്ല.